"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യ നീതി വകുപ്പ്- മന്ദഹാസം പദ്ധതി-2023 -24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യ നീതി വകുപ്പ്**

സ.ഉ.(സാധാ) നം.189/2023/SJD തീയതി,തിരുവനന്തപുരം, 07-09-2023

---

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 31.07.23 ലെ SJD/2394/2023-G3 നമ്പർ കത്ത്

2. 04 .08 .23 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്ത നിര വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി 2016 -ൽ ആരംഭിച്ച പദ്ധതിയാണ് "മന്ദഹാസം " . ടി പദ്ധതി അംഗീകരിക്കുന്നതിനും പ്രസ്തുത പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം 2235 -02 -104 -82 (പി ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 70 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പദ്ധതി സംബന്ധിച്ച സാമ്പത്തിക വിശദാംശം ചുവടെ ചേർക്കുന്നു

I.കൃത്രിമ ദന്തനിര വയ്ക്കുന്നതിന് ഒരു ഗുണഭോക്താവിന് വേണ്ടി വരുന്ന( ഒരു സെറ്റ് കംപ്ലീറ്റ് ഡെൻജെർ (Denture v/ c ) material cost, ലാബ് ചിലവുകൾ ഉൾപ്പെടെ ) പരമാവധി തുക - 10 ,000 / - രൂപ(പതിനായിരം രൂപ മാത്രം)

II.നടപ്പ വർഷം ഒരു ജില്ലയിൽ 5 0 പേർക്ക് മന്ദഹാസം പദ്ധതി ആനുകൂല്യം നൽകുന്നതിന് ആവശ്യമായ തുക ( 50 X 10,000 ) - 5,00 ,000 / - രൂപ (അഞ്ചു ലക്ഷം രൂപ മാത്രം)

III.ആയതു പ്രകാരം 14 ജില്ലകൾക്ക് ആവശ്യമാകുന്ന തുക(14x5,00,000) - 70,00,000/-(എഴുപത് ലക്ഷം രൂപ മാത്രം)

പ്രൊപ്പോസൽ 04 .08 .23 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം നം.15 ആയി അംഗീകരിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, മന്ദഹാസം പദ്ധതിയുടെ 2023 -24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ 70,00,000/- രൂപ ( എഴുപത് ലക്ഷം രൂപ മാത്രം) ഇത് ഒരു തുടർ പ്രോജക്റ്റ് ആയതിനാൽ, ഗുണഭോക്താക്കളുടെ വിവരങ്ങൾ സുനീതി പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം എന്ന വ്യവസ്ഥയോട്ടുകൂടി 2235 -02 -104 -82 (പി ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ &ഇ / ഓഡിറ്റ് ) കേരള , തിരുവനന്തപുരം
3 ധനകാര്യ വകുപ്പ്
4. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5 . ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
RBL
സെക്ഷൻ ഓഫീസർ